"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം -പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ശ്രീമതി സന്ധ്യ.ബിക്ക് ശൂന്യ വേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**82/2026/AYUSH** തീയതി,തിരുവനന്തപുരം, **10-02-2026**

---

പരാമർശം:-
1. സർക്കുലർ നം . **36/94**/ധന തീയതി **14.06.1994**
2. സ.ഉ. (പി) നം. **112/2017**/ധന തീയതി **24.08.2017**
3. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ **16.12.2022, 02.08.2023 ,06.05.2024 ,13.02.2025** തീയതികളിലെ ഇ**2/1300/2022**/ഡിഎംഇ നമ്പർ കത്തുകൾ

**ഉത്തരവ്**

പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ആയ ശ്രീമതി സന്ധ്യ. ബി. **17.09.2022** മുതൽ **17.09.2023** വരെയുള്ള ഒരു വർഷകാലയളവിലേക്കായി, വന്ധ്യതാ ചികിത്സയ്ക്കായി അർഹതപ്പെട്ട അവധി അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ **17.09.2022** മുതൽ **06.03.2023** വരെയുള്ള കാലയളവിന് ടിയാരിക്ക് അർഹതപ്പെട്ട അവധി ആശുപത്രി സൂപ്രണ്ട് അനുവദിച്ചിരുന്നു. തുടർന്ന്, **07.03.2023** മുതൽ **17.09.2023** വരെയുള്ള **195** ദിവസത്തെ കാലയളവിന് മെഡിക്കൽ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

ശൂന്യവേതനാവധിക്കുശേഷം ശ്രീമതി സന്ധ്യ. ബി. ഉടൻ തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. പിന്നീട്, **01.01.2024** മുതൽ **28.06.2024** വരെ **180** ദിവസത്തെ പ്രസവാവധി അനുവദിച്ചിട്ടുണ്ടെന്നും, **29.06.2024**-ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**07.03.2023** മുതൽ **31.12.2023** വരെയുള്ള (**300** ദിവസം) കാലയളവിലേക്കുള്ള അവധിയുടെ സ്വഭാവം ശൂന്യവേതനാവധി എന്നായി രേഖപ്പെടുത്തിയ പുതുക്കിയ അവധി അപേക്ഷയും, അപേക്ഷക വന്ധ്യതാ ചികിത്സയ്ക്ക് വിധേയമായിരുന്നതായി

സാക്ഷ്യപ്പെടുത്തുന്ന മെഡിക്കൽ സർട്ടിഫിക്കേറ്റും അനുഭാവപൂർവ്വം പരിഗണിച്ച്, മേൽ കാലയളവിലേക്കു മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശങ്ങൾ (1),(2) പ്രകാരമുള്ള ഉത്തരവുകളും, ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കേറ്റുകളും പരിഗണിച്ച്, പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ആയ ശ്രീമതി സന്ധ്യ. ബി.-ക്ക് **07.03.2023** മുതൽ **31.12.2023** വരെ കെ.എസ്.ആർ, ഭാഗം **I**, ചട്ടം **88** പ്രകാരം, ടി കാലയളവ് ആർജ്ജിത അവധിക്കായി പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ശ്രീമതി സന്ധ്യ ബി യുടെ സേവനപുസ്തകം സഹിതം)
സൂപ്രണ്ട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി , പൂജപ്പുര ,തിരുവനന്തപുരം (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട വ്യക്തിയ്ക്ക് ((ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള ,തിരുവനന്തപുരം
ധനകാര്യ വകുപ്പ് **(U.O(F) No. E 2306237/HLT-B3/602/2022-FIN** തീയതി **05.01.2026**
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Baiju G
Date: 10-02-2026 11:08:48
സെക്ഷൻ ഓഫീസർ